പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 721 — 10/02/2016 ൽ മറുപടിക്ക്

## ആരോഗ്യ മേഖല കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യ മേഖല കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 6 ജില്ലാ ആശുപത്രികളെ ജനറൽ ആശുപത്രികളായും 5 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളെ ജില്ലാ ആശുപത്രികളായും ഉയർത്തുകയും 2581 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. പൊതുജനാരോഗ്യ സംരക്ഷണത്തിന് ആവശ്യമായ സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളെ അനുയോജ്യമായ രീതിയിൽ കൂട്ടിയിണക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് "പൊതുജനാരോഗ്യ സംരക്ഷണ സമിതി" എന്ന പദ്ധതിക്ക് രൂപം നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. പൊതുജനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടുകൂടി പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായുള്ള ആക്ഷൻ ക്യാമ്പയിൻ ഉൾപ്പെടുന്ന വാർഷിക കർമ്മപദ്ധതി വർഷാരംഭത്തിൽ തന്നെ നടപ്പിലാക്കുക വഴി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയുവാൻ സാധിച്ചിട്ടുണ്ട്. 2014-15 വർഷങ്ങളിൽ സേഫ് കേരള പരിപാടിയുടെ ഭാഗമായി പൊതുജനാരോഗ്യത്തിനു ഹാനികരമായ പ്രവർത്തികളിൽ ഏർപ്പെടുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടി എടുത്തിട്ടുണ്ട്.<br><br>സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ ഡയഗ്നോസ്റ്റിക് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സി.റ്റി.സ്കാൻ, എക്സ്റേ മെഷീൻ, അൾട്രാസൗണ്ട് സ്കാനർ മുതലായവയും ലാബുകളിലേക്ക് ആവശ്യമായ വിവിധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ആരോഗ്യവകുപ്പിനുകീഴിലുള്ള 31 സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയും സ്പെഷ്യാലിറ്റി യൂണിറ്റുകളോട് കൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിന് 154 സാമൂഹികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. തിരുവനന്തപുരത്ത് ജഗതിയിൽ ഒരു സർക്കാർ ഡിസ്പെൻസറിയും വിവിധ ജില്ലകളിലായി 26 പുതിയ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ആരംഭിച്ചു. കൂടാതെ എൻ.എച്ച്.എം. മുഖേന അർബൻ ഹെൽത്ത് സെന്ററുകളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും |

| | | | |
|---|---|---|---|
| | | | ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ മഞ്ചേരി, ഇടുക്കി, കോന്നി, ജി.എച്ച്.മെഡിക്കൽ കോളേജ് തിരുവനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കി. ഇതിൽ മഞ്ചേരിയിലും, ഇടുക്കിയിലും ഇതിനോടകം തന്നെ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. കോന്നി, ജി.എച്ച്.മെഡിക്കൽ കോളേജ് തിരുവനന്തപുരം എന്നിവിടങ്ങളിൽ അടുത്ത അദ്ധ്യയന വർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതിക്ഷിക്കുന്നു. കൂടാതെ എറണാകുളം സഹകരണ മെഡിക്കൽ കോളേജ്, പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് എന്നിവ സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. |
| (ബി) | സർക്കാർ ആതുരാലയങ്ങളിലെ ശുചിത്വം, മരുന്നുകളുടെ ലഭ്യത, ആവശ്യമായ ജീവനക്കാരെ നിയമിക്കൽ ഉൾപ്പെടെ ഉള്ളവ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | സർക്കാർ ആതുരാലയങ്ങളിൽ ദിവസേന ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് 'ഇമേജി'ന്റെ സഹായത്തോടെ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ചുവരുന്നു. അതുരാലയത്തിനകവും ചുറ്റുപാടും ശുചിയായി സൂക്ഷിക്കുവാൻ ശുചീകരണ സ്റ്റാഫും, ഹൗസ് കീപ്പിംഗ് സെക്ഷനും ആവശ്യമായത് ചെയ്യുന്നു. ആശുപത്രികളിലെ ശൗചാലയങ്ങൾ ശുചിയായി സൂക്ഷിക്കുന്നുണ്ട്. ശുചീകരണത്തിന് അണുനാശിനികൾ ഉപയോഗിക്കുന്നുണ്ട്. ഇതു കൂടാതെ രോഗപരിശോധന, ഡ്രസിംഗ്, ഓപ്പറേഷൻ തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളും അണുവിമുക്തമാക്കുന്നുണ്ട്.<br><br>സൗജന്യ ജനറിക് മരുന്നു വിതരണം കെ.എം.എസ്.സി.എൽ.വഴി ഉറപ്പാക്കുന്നു. ആദായനികുതി ദായകരൊഴികെയുള്ള രോഗികൾക്ക് എസൻഷ്യൽ ഡ്രഗ് ലിസ്റ്റിലുള്ള ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നു. ഏതെങ്കിലും മരുന്നുകൾ ലഭ്യമല്ലെങ്കിൽ ലോക്കൽ പർച്ചേയ്സ് വഴി വാങ്ങി നൽകാൻ ആശുപത്രി മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സർക്കാർ ആശുപത്രികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക/സാമൂഹ്യം/താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലായി ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II വിന്റെ 197 തസ്തികകളും പാർട്ട്ടൈം സ്വീപ്പറുടെ 117 തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ശുചീകരണത്തിനുള്ള സ്റ്റാഫിന്റെ അപര്യാപ്തത നികത്തുന്നതിനായി ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എച്ച്.ഡി.എസ്./ എച്ച്.എം.സി. മുഖേന ആവശ്യമായ നിയമനങ്ങൾ ഉറപ്പാക്കുന്നുണ്ട്. |
| (സി) | പി.എച്ച്.സി,സി.എച്ച്.സി താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി ക്രമത്തിൽ ജില്ലാ തലത്തിൽ പ്രവർത്തനമികവിന് പ്രത്യേക അവാർഡുകൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | പ്രവർത്തനമികവിന് നിലവിൽ അവാർഡുകൾ ഏർപ്പെടുത്തിയിട്ടില്ല. ഈ ആശയം നടപ്പിലാക്കുന്നത് സ്ഥാപനങ്ങളുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കാൻ സഹായിക്കുമെന്നതിനാൽ സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പി.എച്ച്.സി മുതൽ മെഡിക്കൽ കോളേജുകളുടെ വരെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഡി.എം.ഒ. മാരും മറ്റ് ജില്ലാതല ഉദ്യോഗസ്ഥരും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനതലത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടെയും മേൽനോട്ടച്ചുമതല നൽകിയിട്ടുണ്ട്. ആരോഗ്യമന്ത്രി, ആരോഗ്യവകുപ്പ് സെക്രട്ടറി ആരോഗ്യവകുപ്പ് ഡയറക്ടർ, എൻ.എച്ച്.എം. ഡയറക്ടർ എന്നിവർ മാസംതോറും നടത്തുന്ന അവലോകനത്തിൽ എല്ലാ ജില്ലാകളിലേയും ജില്ലാ മെഡിക്കൽ ആഫീസർമാരും, എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം ഓഫീസർമാരും സംസ്ഥാനതല ഉദ്യോഗസ്ഥരും ഒത്തുചേർന്ന് സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ